(5) കോട്ടയത്തിനും ചിങ്ങവനത്തിനും ഇടയിൽ മൂലേടം കൊല്ലാട്ടു റോഡിൽ

(6) ഷൊർണ്ണൂരിനും വെട്ടിക്കാട്ടിരി സ്റ്റേഷനുമിടയിൽ (വള്ളത്തോൾ നഗർ)

(7) കണ്ണൂർ റയിൽവേ സ്റ്റേഷനു സമീപം

1986-87-ൽ

(1) ഒല്ലൂരിനും പുതുക്കാട്ടിനുമിടയിൽ
(2) തലശ്ശേരി കൂർഗ് റോഡിൽ
(3) കളമശ്ശേരിക്കും ഇടപ്പള്ളിക്കുമിടയിൽ
(4) പാലക്കാട്ടുപുഴ എൻ. എച്ചിൽ.
(5) തൃപ്പൂണിത്തുറയ്ക്കും മുളന്തുരുത്തിക്കുമിടയിൽ
(6) തൃശ്ശൂരിനും ഒല്ലൂരിനും ഇടയിൽ
(7) മുള്ളൂർകരയ്ക്കും വടക്കാഞ്ചേരിക്കുമിടയിൽ
(8) ചിറയിൻകീഴിൽ.

നിക്ഷേപ പദ്ധതി പ്രകാരം

(1) കൊട്ടാരക്കരയ്ക്കും ആവണീശ്വരത്തിനുമിടയിൽ
(2) എം. ജി. റോഡിൽ കി.മീ. 6/7-ൽ ഉള്ള ഓവർബ്രിഡ്ജിനു പകരം പുതിയ ബ്രിഡ്ജ്.

പ്രീ-പ്രൈമറി വിദ്യാഭ്യാസം

* 108. [150] ശ്രീ. കെ. കൃഷ്ണൻകുട്ടി :
,, സിറിയക് ജോൺ :
,, പി. വിജയദാസ് :
,, കെ. കെ. ബാലകൃഷ്ണൻ :
,, വി. സി. കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രീ-പ്രൈമറി വിദ്യാഭ്യാസം വ്യാപകമാക്കുന്നതിന്റെ ഭാഗമായി എന്തെല്ലാം നടപടികളാണ് ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) പ്രീ-പ്രൈമറി വിദ്യാഭ്യാസത്തിനുവേണ്ടി പ്രത്യേകമായി സിലബസ് തയ്യാറാക്കിയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ സിലബസ്സിന്റെ കോപ്പി മേശപ്പുറത്തു വയ്ക്കാമോ ;

(ഡി) പ്രീ-പ്രൈമറി വിദ്യാഭ്യാസരംഗത്ത് പ്രവർത്തിച്ചുകൊണ്ടിരുന്ന സാമൂഹ്യവികസന വകുപ്പുമായി ബന്ധപ്പെട്ട മഹിളാസമാജങ്ങളുടെ സഹകരണം പ്രീ-പ്രൈമറി വിദ്യാഭ്യാസത്തിന് ഉപയോഗപ്പെടുത്തുന്ന കാര്യത്തിൽ സ്റ്റേറ്റ് ലവൽ മഹിളാസമാജ യൂണിയനുമായി ഗവൺമെന്റ് വല്ല ചർച്ചയും നടത്തുകയുണ്ടായോ ;

(ഇ) ഇല്ലെങ്കിൽ അവരുമായി ചർച്ച നടത്തുന്ന കാര്യം പരിഗണിക്കുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) :

(എ) പ്രീ-പ്രൈമറി ക്ലാസ്സുകളിലെ കുട്ടികളുടെ സർവ്വതോൻമുഖമായ അഭിവൃദ്ധിയെ ലാക്കാക്കി അവർക്കുവേണ്ടിയുള്ള പഠനവിഷയങ്ങൾ ഏകീകരിക്കുന്നതിനും നിലവിലുള്ള ഗവൺമെന്റ് സ്കൂളുകളിൽ സ്ഥല

LIBRARY ARCHIVES Kerala Legislative Assembly

സൗകര്യമുള്ളിടത്ത് ഒരു സബ് ഡിസ്ട്രിക്ടിൽ ഒന്നുവീതം 153 പ്രീ-പ്രൈമറി സ്ക്കൂളുകൾ തുടങ്ങുവാനും തൃപ്തികരമായ നിലവാരം പുലർത്തുന്ന പ്രീ-പ്രൈമറി സ്ക്കൂളുകൾക്കും പ്രീ-പ്രൈമറി റഫ്രഷേഴ്സ് ട്രെയിനിംഗ് സ്ക്കൂളുകൾക്കും അംഗീകാരം കൊടുക്കുവാനുമുള്ള നടപടികൾ ഗവൺമെൻറ് എടുത്തുകഴിഞ്ഞു. എല്ലാ മോഡൽ പ്രീ-പ്രൈമറി സ്ക്കൂളുകളും ഒരുമിച്ച് തുടങ്ങുന്നതിന് സാമ്പത്തികമായി ബുദ്ധിമുട്ടുണ്ടായിരുന്നതുകൊണ്ട് 1984-85 വർഷത്തിൽ ഗവൺമെൻറ് ഓരോ വിദ്യാഭ്യാസജില്ലയിലും ഓരോന്നുവീതം 31 മോഡൽ പ്രീ-പ്രൈമറി സ്ക്കൂളുകൾ തുടങ്ങിയിട്ടുണ്ട്. ബാക്കിയുള്ളവ ഘട്ടംഘട്ടമായി തുടങ്ങാനുള്ള നടപടികൾ എടുത്തുവരികയാണ്. പ്രീ-പ്രൈമറി വിദ്യാഭ്യാസ ഉപദേശക സമിതിയുടെ നിർദ്ദേശപ്രകാരം പ്രൈവറ്റ് നഴ്സറി സ്ഥാപനങ്ങളുടെ പ്രവർത്തനം ഏകീകരിക്കുന്നതിനുള്ള വ്യവസ്ഥകൾ നഴ്സറി സ്ഥാപനങ്ങൾ പാലിക്കേണ്ട നിബന്ധനകൾ എന്നിവ നിഷ്കർഷിച്ചുകൊണ്ട് ഇതിനകം ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) പ്രീ-പ്രൈമറി സ്ക്കൂളുകളിൽ ഔപചാരികമായ പഠനം ആരംഭിക്കാൻ ഉദ്ദേശിച്ചിട്ടില്ല.

(സി) പ്രീ-പ്രൈമറി വിദ്യാഭ്യാസത്തെ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ ഗവൺമെൻറിന്റെ ജി. ഒ. എം. എസ്. 43/84 പൊ: വി: 14-3-1984, 44/84/പൊ: വി: 14-3-1984 എന്നീ ഉത്തരവുകളിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. †

(ഡി) ഇല്ല.

(ഇ) പരിഗണിക്കാവുന്നതാണ്.

മരാമത്ത് പണികൾക്ക് ആധുനിക സമ്പ്രദായങ്ങൾ

* 109. [151] ശ്രീ. സി. വാസുദേവമേനോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മരാമത്തു പണികൾക്ക് ആധുനിക സമ്പ്രദായങ്ങളൊന്നും ഉപയോഗിക്കുന്നില്ല എന്ന കാര്യം ഗവൺമെൻറിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ എന്താണിതിനു കാരണം ;

(സി) ഗവൺമെൻറ് ഉടമയിലുള്ള കൺസ്ട്രക്ഷൻ കോർപ്പറേഷനു പോലും ആധുനിക ഉപകരണങ്ങൾ ഇല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) മരാമത്തു പണികൾക്ക് ആധുനിക യന്ത്രങ്ങളും ഉപകരണങ്ങളും ഉപയോഗിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടിനഹ) :

(എ) ആധുനികസമ്പ്രദായങ്ങൾ പരിമിതമായി മാത്രമേ ഉപയോഗിക്കുന്നുള്ളൂ എന്ന കാര്യം ശ്രദ്ധിൽപ്പെട്ടിട്ടുണ്ട്.

(ബി) സാമ്പത്തിക പരിമിതികളാണ് പ്രധാന കാരണം.

(സി) ഉണ്ട്.

(ഡി) ഇതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly